## വൈക്കം നിയോജകമണ്ഡലത്തിലെ വാട്ടർ സപ്ലൈ സ്കീം

1175 [2139] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിൽ വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുമ്പോൾ എത്ര കിലോമീറ്റർ ദൂരം പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര കിലോമീറ്റർ ദൂരം പൈപ്പിൽ വെള്ളം എത്തിച്ച് കൊടുത്തിട്ടുണ്ട്;

(സി) ബാക്കിയുള്ള സ്ഥലങ്ങളിൽ എന്നത്തേക്ക് വെള്ളം എത്തിച്ച് കൊടുക്കാൻ കഴിയും?

### ഉത്തരം

(എ) 300 കി. മീറ്റർ ദൂരം പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) 290 കി. മീറ്റർ ദൂരം.

(സി) വെച്ചൂർ, തലയാഴം എന്നീ പഞ്ചായത്തുകൾക്ക് വേണ്ടി നിർമ്മിച്ചിട്ടുള്ള പമ്പ് ഹൗസിൽ ഇലക്ട്രിക് കണക്ഷൻ കിട്ടിയാലുടൻ തന്നെ ആ സ്ഥലങ്ങളിലും ശുദ്ധജല വിതരണം നടത്തുവാൻ സാധിക്കുന്നതാണ്.

## ജല–മലിനജല അതോറിറ്റി ഏറ്റെടുത്തിട്ടുള്ള മുനിസിപ്പൽ വാട്ടർ സപ്ലൈ സ്കീം

1176 [2140] ശ്രീ. സി. കെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം മുനിസിപ്പൽ വാട്ടർ സപ്ലൈ സ്കീമുകളാണ് ജല–മലിനജല അതോറിറ്റി ഏറ്റെടുത്തിട്ടുള്ളത്;

(ബി) ഓരോന്നും എന്നുമുതൽ?

### ഉത്തരം

(എ) ജല–മലിനജല അതോറിറ്റി രൂപവൽക്കരിച്ചതിനുശേഷം മുനിസിപ്പൽ വാട്ടർ സപ്ലൈ സ്കീമുകൾ ഒന്നും ഏറ്റെടുത്തിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

## നെല്ലിമുരുപ്പ് പ്രദേശത്ത് ശുദ്ധജലം ലഭിക്കുന്നതിന് ആവശ്യമായ നടപടി

1177 [2141] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിലെ കലഞ്ഞൂർ പഞ്ചായത്ത് ആറാം വാർഡിലെ നെല്ലിമുരുപ്പ് പ്രദേശത്തെ താമസക്കാർക്ക് ശുദ്ധജലം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly